LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനന് ഇക്കാര്യം അറിയാവുന്നതാണ്. അവിടെയുണ്ടാകുന്ന സംഭവവികാസങ്ങളിൽ നമ്മളെല്ലാവരും സമയാസമയങ്ങളിൽ ഇടപെടുന്നതു കൊണ്ടാണ് സംഭവങ്ങൾ കൂടുതൽ ഗുരുതരമാകാതെ പോകുന്നത്. തീർച്ചയായും ജില്ലാ കളക്ടറും എസ്.പി.-യും ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ട് പ്രശ്നങ്ങൾ രമ്യമായി തീർക്കാനുള്ള നടപടിയുണ്ടാകും. അങ്ങയുടെ ഇടപെടലിനെ പ്രത്യേകമായി ശ്ലാഘിക്കുന്നു. എം.എൽ.എ. പ്രത്യേകമായി ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. മറ്റ് ജില്ലയിലെ എം.എൽ.എ.-മാരും ഇടപെട്ടിട്ടുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളിലെ നേതാക്കന്മാരും നല്ല ഉദ്ദേശ്യത്തോടുകൂടി ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. അത് നമുക്ക് continue ചെയ്യണം. അത് കാസർഗോഡ് ജില്ലയുടെ മതസൗഹാർദ്ദം നിലനിർത്താൻ ഏറ്റവും അത്യാവശ്യമാണെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്.

8. സ്കോളർഷിപ്പ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ആർ. സെൽവരാജ് : സർ, കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളോടൊപ്പം തന്നെ മറ്റ് പിന്നാക്ക ജാതിയിൽപ്പെട്ടവരും നിരവധിയുണ്ട്. അത്തരം വിഭാഗങ്ങൾക്ക് എല്ലാവിധ ആനുകൂല്യങ്ങളും നൽകേണ്ടത് ഗവൺമെന്റിന്റെ അത്യന്താപേക്ഷിതമായ ചുമതലയാണ്. അത് നിർവ്വഹിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി നേതൃത്വം നൽകുന്ന യു.ഡി.എഫ്. ഗവൺമെന്റ് മുന്നോക്കം പോയിട്ടുണ്ടെന്നുള്ളത് ശ്ലാഘനീയമാണ്. ഇവിടെ മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്നവരിൽ പ്രധാനപ്പെട്ട വിഭാഗമാണ് നാടാർ വിഭാഗം. അതിൽ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുവേണ്ടി നാടാർ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് 1979-ലെ G.O.(MS) No.158/79/Gn.Edn, dated 25-9-1979 എന്ന ഉത്തരവുപ്രകാരം യു.പി. വിഭാഗത്തിന് 30 രൂപയും ഹൈസ്കൂൾ വിഭാഗത്തിന് 50 രൂപയും കോളേജിൽ പഠിക്കുന്നവർക്ക് 100 രൂപയും സ്കോളർഷിപ്പ് അനുവദിക്കുകയുണ്ടായി. തുടർന്നുവന്ന ഘട്ടത്തിൽ ചെറിയ വർദ്ധനവുണ്ടാക്കിക്കൊണ്ട് 250 രൂപയായി ഇപ്പോൾ നിജപ്പെടുത്തിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസ ചെലവിനനുസരിച്ച് ഒരു പുസ്തകംപോലും വാങ്ങാൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഇത്തരം വിഭാഗങ്ങൾക്ക്

നൽകിക്കൊണ്ടിരിക്കുന്ന സ്കോളർഷിപ്പ് എല്ലാവിഭാഗം കുട്ടികൾക്കും നൽകണമെന്നതോടൊപ്പം നാടാർ വിഭാഗത്തിലെ പെൺകുട്ടികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന 250 രൂപ വർദ്ധിപ്പിച്ച് 5,000 രൂപയെങ്കിലും പ്രതിവർഷം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, നാടാർ സമുദായത്തിൽപ്പെട്ട പെൺകുട്ടികൾക്ക് യു.പി. വിഭാഗത്തിൽ 175 രൂപ നിരക്കിലും ഹൈസ്കൂൾ വിഭാഗത്തിൽ 150 രൂപ നിരക്കിലുമാണ് സ്കോളർഷിപ്പ് നൽകി വരുന്നത്. പ്രസ്തുത സ്കോളർഷിപ്പ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കാര്യം പരിശോധിക്കുന്നതാണ്. അതേസമയം ഉന്നത വിദ്യാഭ്യാസമേഖലയിൽ വിദ്യാഭ്യാസ പരമായും സാമ്പത്തികപരമായും പിന്നാക്കം നിൽക്കുന്ന നാടാർ സമുദായത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. നിലവിൽ വാർഷിക കുടുംബ വരുമാനം 18,000 രൂപയിൽ താഴെയുള്ളവർക്ക് പ്രതിവർഷം 125 രൂപയാണ് സ്കോളർഷിപ്പായി നൽകിവരുന്നത്. ബിരുദ കോഴ്സുകൾക്ക് പ്രതിവർഷം 2,000 രൂപ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പ്രതിവർഷം 2,500 രൂപ, പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രതിവർഷം 3,000 രൂപ, ഹോസ്റ്റൽ സ്റ്റൈപ്പന്റ് പ്രതിവർഷം 6,000 രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ഇപ്പോൾ പരിഗണനയിലുള്ളത്. പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വാർഷിക കുടുംബവരുമാന പരിധി 2.25 ലക്ഷം രൂപയായി ഉയർത്തുവാനുള്ള നിർദ്ദേശവും പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

9. തസ്തികകൾ അനുവദിക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ട്, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി ലബ്ബ കമ്മീഷനെ ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly